സി.ജി(2) 2954/13 സഹകരണസംഘം രജിസ്ട്രാർ ആഫീസ്
തിരുവനന്തപുരം, തീയതി : 22/1/2015

website : www.cooperation.kerala.gov.in
e-mail : keralarcs.coop@kerala.gov.in

# സർക്കുലർ നമ്പർ 6/2015

**വിഷയം:** സഹകരണ വകുപ്പ് - സഹകരണ സംഘങ്ങളിൽ/ബാങ്കുകളിൽ നിന്നും 2012-13 വർഷം എടുത്തിട്ടുള്ള ഹ്രസ്വകാല കാർഷിക വായ്പകൾക്ക് ഒരു വർഷത്തെ പലിശയിളവ് ആനുകൂല്യം - മാർഗ്ഗ നിർദ്ദേശം സംബന്ധിച്ച്.

**സൂചന:** 1) 22.11.2013 ലെ സ.ഉ(സാധാ) 739/2013 സഹ.നമ്പർ ഉത്തരവ്.
2) സഹകരണ സംഘം അഡീഷണൽ രജിസ്ട്രാറുടെ (ക്രെഡിറ്റ്) 28.11.2013 ലെ സി.ജി.(2) 2954/13 നമ്പർ ഇണ്ടാസ്.

.................

സഹകരണ സംഘങ്ങൾ/ബാങ്കുകൾ 2012-13 വർഷം രണ്ട് ഹെക്ടറിൽ കുറവ് കൃഷി ഭൂമിയുള്ള ചെറുകിട കർഷകർക്ക് നെല്ല്, പച്ചക്കറി, കുരുമുളക്, വാഴ, മത്സ്യകൃഷി എന്നിവയ്ക്ക് നൽകിയിരുന്ന മൂന്ന് ലക്ഷം രൂപാവരെയുള്ള ഹ്രസ്വകാല കാർഷിക വായ്പകളിൽ വായ്പാ തുകയിൽ നിലനിൽക്കുന്ന മുതൽ തുക അതുവരെയുള്ള പലിശ സഹിതം തിരിച്ച് അടയ്ക്കേണ്ട തീയതി മുതൽ ഒരു വർഷത്തിനകം ഒന്നായി തിരിച്ചടക്കുകയാണെങ്കിൽ, തിരിച്ച് അടയ്ക്കേണ്ടിയിരുന്ന തീയതി മുതൽ, മുതൽ തുക തിരിച്ച് അടച്ച തീയതി വരെ പലിശയിളവ് അനുവദിച്ച് സൂചന(1) പ്രകാരം സർക്കാർ ഉത്തരവായിരുന്നു. ടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ ചുവടെ പരാമർശിക്കുന്ന മാർഗ്ഗ നിർദ്ദേശം പുറപ്പെടുവിക്കുന്നു.

സഹകരണ സംഘങ്ങൾ/ബാങ്കുകൾ 2012-13 വർഷം രണ്ട് ഹെക്ടറിൽ കുറവ് കൃഷി ഭൂമിയുള്ള ചെറുകിട കർഷകർക്ക് നെല്ല്, പച്ചക്കറി, കുരുമുളക്, വാഴ, മത്സ്യകൃഷി എന്നിവയ്ക്ക് നൽകിയിരുന്ന മൂന്ന് ലക്ഷം രൂപാവരെയുള്ള ഹ്രസ്വകാല കാർഷിക വായ്പകളിൽ വായ്പാ തുകയിൽ നിലനിൽക്കുന്ന **മുതൽ തുക അതുവരെയുള്ള പലിശ സഹിതം** തിരിച്ച് അടയ്ക്കേണ്ട തീയതി മുതൽ ഒരു വർഷത്തിനകം ഒന്നായി തിരിച്ചടച്ചിട്ടുണ്ടെങ്കിൽ, പ്രസ്തുത വായ്പകളുടെ തിരിച്ച് അടയ്ക്കേണ്ടിയിരുന്ന തീയതി മുതൽ, മുതൽ തുക തിരിച്ച് അടച്ച തീയതി വരെയുള്ള പലിശയിളവ് സംബന്ധിച്ച പട്ടിക സംഘങ്ങൾ/ബാങ്കുകൾ തയ്യാറാക്കി ഭരണസമിതി/സെക്രട്ടറി സാക്ഷ്യപ്പെടുത്തി 15.04.2015 നകം ബന്ധപ്പെട്ട വകുപ്പ് തല ആഡിറ്റർ/കൺകറന്റ് ആഡിറ്റർക്ക് നൽകേണ്ടതും, വകുപ്പ് തല ആഡിറ്റർ അർഹത ഉറപ്പുവരുത്തി ശുപാർശ സഹിതം താലൂക്ക് അസിസ്റ്റന്റ് ഡയറക്ടർക്ക് (ആഡിറ്റർ) 30.4.2015

നകം ലഭ്യമാക്കേണ്ടതും, അസിസ്റ്റന്റ് ഡയറ ക്ടറുടെ (ആഡിറ്റ്) ശുപാർശ സഹിതം പട്ടിക 5.5.2015 നകം ജില്ലാ ജോയിന്റ് ഡയറക്ടർക്ക് (ആഡിറ്റ്) സമർപ്പിക്കേണ്ടതുമാണ്. ആനുകൂല്യം സംബന്ധിച്ച അർഹത ഉറപ്പ് വരുത്തിയശേഷം ശുപാർശ സഹിതം ജില്ലാ ജോയിന്റ് ഡയറക്ടർ(ആഡിറ്റ്) **പ്രൊപ്പോസൽ 15.05.2015-നകം സഹകരണ സംഘം രജിസ്ട്രാർക്ക്** ലഭ്യമാക്കേണ്ടതും പകർപ്പ് ജില്ലാ ജോയിന്റ് രജിസ്ട്രാർക്ക് (ജനറൽ) നൽകേണ്ടതുമാണ്.

മേൽ നിർദ്ദേശം എല്ലാ സഹകരണ സംഘങ്ങളും/ബാങ്കുകളും, പാലിക്കുന്നുണ്ടെന്ന് വകുപ്പ് ഉദ്യോഗസ്ഥർ ഉറപ്പാക്കേണ്ടതാണ്.

ഒപ്പ്,
എസ്.ലളിതാംബിക ഐ.ഐ.എസ്
സഹകരണസംഘം രജിസ്ട്രാർ

**പകർപ്പ്:-**

1. സഹകരണ ആഡിറ്റ് ഡയറക്ടർ, ആഡിറ്റ് ഡയറക്ടറേറ്റ്, തിരുവനന്തപുരം.
2. എല്ലാ ജില്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ) മാർക്കും
3. എല്ലാ ജില്ലാ ജോയിന്റ് ഡയറക്ടർ(ആഡിറ്റ്) മാർക്കും
4. രജിസ്ട്രാർ, ബഹുമാനപ്പെട്ട കേരള ഹൈക്കോടതി, എറണാകുളം.
5. മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന സഹകരണ ബാങ്ക്/കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക്.
6. ജോയിന്റ് ഡയറക്ടർ /കൺകറന്റ് ആഡിറ്റർ, കേരള സംസ്ഥാന സഹകരണ ബാങ്ക്/കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക്
7. എല്ലാ ജില്ലാ ബാങ്ക് ജനറൽ മാനേജർക്കും, ജോയിന്റ് ഡയറക്ടർ /കൺകറന്റ് ആഡിറ്റർമാർക്കും.
8. അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) മാർക്ക് (ജോയിന്റ് രജിസ്ട്രാർ മുഖേന)
9. അസിസ്റ്റന്റ് ഡയറക്ടർ (ആഡിറ്റ്) മാർക്ക് (ജോയിന്റ് ഡയറക്ടർ മുഖേന)
10. സെക്രട്ടറി, പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ/പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കുകൾ (ജോയിന്റ് രജിസ്ട്രാർ മുഖേന)
11. ഡെപ്യൂട്ടി ഡയറക്ടർ/കൺകറന്റ് ആഡിറ്റർ, കേരള കോപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ
12 അസിസ്റ്റന്റ് രജിസ്ട്രാർ/വാല്യുവേഷൻ ആഫീസർ, പ്രാഥമിക കാർഷിക ഗ്രാമ വികസന ബാങ്ക് (ജോയിന്റ് രജിസ്ട്രാർ മുഖേന)
13 എഡിറ്റർ, സഹകരണ വീഥി/സഹകരണ ജേർണൽ
14 സഹകരണ സംഘം രജിസ്ട്രാറുടെ മേശപ്പുറത്ത്
15 ഈ ആഫീസിലെ എല്ലാ ആഫീസർമാർക്കും
16 സ്റ്റോക്ക് ഫയൽ/സ്പെയർ.
17 വെബ്സൈറ്റ്